## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 113 28.05.2019 ൽ മറുപടിക്ക്

## മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ നിരോധിക്കാൻ നിയമനിർമ്മാണം

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള അന്ധവിശ്വാസത്തിന്റെ പേരിൽ കൊലപാതകങ്ങളും തട്ടിപ്പും നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന്റെ പേരിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങളും തട്ടിപ്പും നടന്നുവെന്നാണ് ആഭ്യന്തര വകുപ്പ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) 2 കൊലപാതകങ്ങളും 19 തട്ടിപ്പ് കേസുകളും നടന്നിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് ഇക്കാലയളവിനുള്ളിൽ എത്ര മന്ത്രവാദ-ആഭിചാര പ്രവർത്തനം നടത്തുന്ന തട്ടിപ്പുകാർക്കെതിരെ കേസ്സെടുത്തു; ആയതിൽ എത്ര പേരെ ജയിലിലാക്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) വിശദാംശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

| Districts | No of cases Registered | No of Accused | No of Accused Arrested | No of Accused Remanded |
|---|---|---|---|---|
| Kollam Rural | 4 | 10 | 5 | 5 |
| Pathanamthitta | 1 | 8 | 6 | 6 |
| Alappuzha | 4 | 5 | 5 | 5 |
| Malappuram | 3 | 3 | 3 | 3 |
| Kozhikode City | 1 | 3 | 1 | Case is UI |
| Kozhikode RL | 6 | 6 | 3 | 3 |

(ഡി) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ നടത്തുന്ന തട്ടിപ്പുകാർക്കെതിരെ നിലവിൽ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പോലീസ് കുറ്റപത്രം തയ്യാറാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ മുഖേന തട്ടിപ്പുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് IPC പ്രകാരവും, വഞ്ചനാ കുറ്റത്തിനും, Drugs and Magic Remedies Act 1954, പ്രകാരവും കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ഇ) | ഇത്തരക്കാർക്കെതിരെ വിശ്വാസ വഞ്ചന പോലുള്ള വകുപ്പുകൾ ചേർത്ത് കുറ്റപത്രം തയ്യാറാക്കുന്ന രീതിയും ഇതുമൂലം നിയമത്തിന്റെ പഴുതിലൂടെ പ്രതികൾ രക്ഷപ്പെടുന്നതും ഒഴിവാക്കാൻ സത്വര നിയമ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഇ) & (എഫ്) | അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുഖാന്തരം ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ നിയമപരിഷ്കരണ കമ്മീഷന്റെ പരിഗണനയിലാണ്. |
| (എഫ്) | എങ്കിൽ മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങളുടെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിനും ഇത്തരം തട്ടിപ്പുകാർക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ